**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 421** **08-10-2024 - ൽ മറുപടിയ്ക്ക്**

**സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ വായ്പ ബാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ നിലവിലെ വായ്പാബാധ്യതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് നിലവിൽ 13,150.62 കോടി രൂപ വായ്പ ബാധ്യതയുണ്ട്. പ്രസ്തുത വായ്പകൾ കെ.എസ്.എഫ്.ഇ., കെ.എസ്.ബി.സി., പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എഫ്.സി. എന്നിവിടങ്ങളിൽ നിന്നാണ് സമാഹരിച്ചിട്ടുള്ളത്. വായ്പ കരാർ വ്യവസ്ഥകൾ പ്രകാരം മൂന്ന് മാസം, ആറ് മാസം, ഒരു വർഷം എന്നിങ്ങനെയുള്ള വ്യത്യസ്ത സമയക്രമത്തിലാണ് വായ്പകളുടെ തിരിച്ചടവും പുതുക്കലും നടത്തി വരുന്നത്. നാളിതുവരെ കമ്പനി 27,219.31 കോടി രൂപ വായ്പ തിരിച്ചടവ് നടത്തിയിട്ടുണ്ട്. |
| (ബി) | ഓരോ വായ്പയുടെയും തിരിച്ചടവിന്റെ സമയക്രമവും നാളിതുവരെയുള്ള തിരിച്ചടവിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ; കമ്പനിക്ക് നിലവിൽ എത്ര കോടി രൂപയുടെ വായ്പാബാധ്യത ഉണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് നിലവിൽ 13,150.62 കോടി രൂപ വായ്പ ബാധ്യതയുണ്ട്. പ്രസ്തുത വായ്പകൾ കെ.എസ്.എഫ്.ഇ., കെ.എസ്.ബി.സി., പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എഫ്.സി. എന്നിവിടങ്ങളിൽ നിന്നാണ് സമാഹരിച്ചിട്ടുള്ളത്. വായ്പ കരാർ വ്യവസ്ഥകൾ പ്രകാരം മൂന്ന് മാസം, ആറ് മാസം, ഒരു വർഷം എന്നിങ്ങനെയുള്ള വ്യത്യസ്ത സമയക്രമത്തിലാണ് വായ്പകളുടെ തിരിച്ചടവും പുതുക്കലും നടത്തി വരുന്നത്. നാളിതുവരെ കമ്പനി 27,219.31 കോടി രൂപ വായ്പ തിരിച്ചടവ് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ